# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3849 11/11/2019-ൽ മറുപടിക്ക്

### ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| സംസ്ഥാനത്ത് കൂടുതൽ ആശുപത്രികൾക്ക് എൻ.എ.ബി. എച്ച്. അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | 2013-ൽ കേന്ദ്ര സർക്കാർ അക്രഡിറ്റേഷൻ പ്രോസസ്സായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) ആരംഭിച്ചു. NQAS എന്നത് NABH പോലെ ISQUA (ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓഫ് ക്വാളിറ്റി) അംഗീകരിച്ച അക്രഡിറ്റേഷൻ ആണ്.<br><br>NQAS ആരംഭിച്ചതോടു കൂടി സ്വതന്ത്ര ഏജൻസിയായി QCI നടത്തുന്ന NABH അക്രഡിറ്റേഷൻ സർക്കാർ ആശുപത്രികൾ എടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നാഷണൽ ഹെൽത്ത് മിഷൻ (NHM) R.O.P യിലൂടെ നൽകുന്നില്ല. NABH എടുക്കുന്നതിനു പ്രതിവർഷം അസ്സെസ്സ്മെന്റ് ഫീസും, അതു കൂടാതെ അക്രഡിറ്റേഷൻ ഫീസായ മൂന്ന് ലക്ഷം രൂപയും ഓരോ ആശുപത്രിക്കും NABH ന്റെ നടത്തിപ്പുകാരായ സ്വതന്ത്ര ഏജൻസിയായ QCI ക്ക് നൽകേണ്ടതാണ്. ഇത് സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്നു. അതെ സമയം ഭാരത് സർക്കാർ നൽകുന്ന NQAS അക്രഡിറ്റേഷൻ നേടുകയാണെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രതിവർഷം ഒരു കിടക്കയ്ക്ക് 10,000/- രൂപ എന്ന നിലയിൽ ഇൻസെന്റീവ് ലഭിക്കുന്നതാണ്. അതു കൊണ്ട് തന്നെ സർക്കാർ ഇപ്പോൾ NABH നെ പോലെ ISQUA അംഗീകരിച്ച NQAS അക്രഡിറ്റേഷൻ എടുക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഇതു വരെ സംസ്ഥാനത്തെ 55 ആശുപത്രികൾക്ക് NQAS അക്രഡിറ്റേഷൻ ലഭിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷാവസാനത്തോടെ 140 ആശുപത്രികൾ എങ്കിലും NQAS അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ